പതിനാലാം കേരള നിയമസഭ

ഒന്നാം സമ്മേളനം

നക്ഷത്ര ചിഹ്നമിട്ട നിയമസഭാ ചോദ്യം നം.36 29.06.2016 – ലെ മറുപടിക്ക്

**സംസ്ഥാനത്തിന്റെ ധനസ്ഥിതി**

ചോദ്യം

ഡോ. എം.കെ.മുനീർ

ശ്രീ. റ്റി.എം. അഹമ്മദ് കബീർ

ശ്രീ. വി.കെ. ഇബ്രാഹിം കുഞ്ഞ്

ശ്രീ. ടി.വി. ഇബ്രാഹിം

ഉത്തരം

ഡോ. ടി.എം. തോമസ് ഐസക്

ബഹു. ധനകാര്യവും കയറും വകുപ്പ് മന്ത്രി

| | | |
|---|---|---|
| എ | സംസ്ഥാനത്തിന്റെ ധനസ്ഥിതി സംബന്ധിച്ച് സർക്കാരിന്റെ കാഴ്ചപ്പാട് എന്താണെന്ന് വ്യക്തമാക്കാമോ; | സംസ്ഥാനം അതീവ ഗുരുതരമായ ധന പ്രതിസന്ധിയെ നേരിടുകയാണ്. മുൻ സർക്കാർ അധികാരം ഒഴിയുമ്പോൾ 24.05.2016 - ൽ 1009.30 കോടിരൂപ മാത്രമാണ് ട്രഷറി ബിൽ ഹോൾഡിംഗ്സ് ഉണ്ടായിരുന്നത്.<br>എന്നാൽ 2016 മെയ് അവസാനത്തെ വകുപ്പുതല കണക്കുകൾ പ്രകാരം പെൻഷൻ കുടിശിക (1000 കോടിയിൽപ്പരം രൂപ), വിവിധ വകുപ്പുകൾക്കും മറ്റും കൊടുത്തുതീർക്കാനുള്ള ബില്ല് (2000 കോടി), കരാറുകാർക്കും ബിൽ റീ ഡിസ്കൗണ്ടിംഗ് ഇനത്തിൽ ബാങ്കിനും നൽകേണ്ടത് (1600 കോടി) എന്നിവയുൾപ്പെടെ 4600 കോടിയില്പരം രൂപ അടിയന്തിരമായി കൊടുത്തു തീർക്കാനുള്ള ബാധ്യതയായുണ്ട്. മാത്രമല്ല വിവിധ പൊതുമേഖലാ സ്ഥാപനങ്ങൾ/ ക്ഷേമനിധികൾ/ ബോർഡുകൾ തുടങ്ങിയവയിൽ നിന്നും 1365 കോടി സ്ഥിര നിക്ഷേപമായി സമാഹരിച്ചിട്ടുമുണ്ട്. അതുകൂടി ചേർത്താൽ ബാധ്യത 5965 കോടിയില്പരം രൂപ വരും ഇടക്കാല ബഡ്ജറ്റ് പ്രകാരം 2016-2017 — ലെ റവന്യൂ കമ്മി 9,697 കോടി രൂപയാണ്. ധനകാര്യ വകുപ്പിന്റെ പ്രൊജക്ഷൻ പ്രകാരം ഇത് 18,195 കോടി രൂപയായി ഉയരും 2016-17 - ൽ കേന്ദ്ര സർക്കാർ സംസ്ഥാനത്തിന് വായ്പയെടുക്കാൻ അനുവാദം നൽകിയിരിക്കുന്നത് 18,524 കോടിരൂപ മാത്രമാണ്. ഇപ്പോൾ അനുവദിച്ചിരിക്കുന്ന മുഴുവൻ വായ്പയും നിത്യനിദാന ചിലവുകൾക്കായി ഉപയോഗിക്കേണ്ടി വരും. മൂലധനച്ചെലവുകൾക്ക് പണം ബാക്കിയുണ്ടാവില്ല എന്ന സ്ഥിതി വിശേഷമാണ് നിലവിലുള്ളത്. |
| ബി | മുൻ സർക്കാർ അധികാരമൊഴിയുമ്പോഴുള്ള ട്രഷറി ബാലൻസിനെക്കുറിച്ചുള്ള വിശദവിവരം വ്യക്തമാക്കാമോ; | മുൻ സർക്കാർ അധികാരം ഒഴിയുമ്പോൾ 24.05.2016 - ൽ 1009.30 കോടിരൂപ ട്രഷറി ബിൽ ഹോൾഡിംഗ്സ് ഉണ്ടായിരുന്നു. അടിയന്തിര ബാധ്യത 5965 കോടി രൂപയായിരുന്നു. |
| സി | പുതിയ സർക്കാർ അധികാരമേറ്റശേഷം കടമെടുത്തിട്ടുണ്ടോ, എങ്കിൽ വിശദവിവരം നല്കാമോ? | പുതിയ സർക്കാർ അധികാരമേറ്റെടുത്ത ശേഷം 15.06.2016 - ൽ പൊതുവിപണിയിൽ നിന്നും 1000 കോടിരൂപ വായ്പയെടുത്തിട്ടുണ്ട്. സാമ്പത്തിക വർഷത്തിന്റെ ആദ്യ പാദത്തിൽ പൊതുവിപണിയിൽ നിന്നും 4300 കോടിരൂപ വായ്പയെടുക്കാനാണ് കേന്ദ്ര സർക്കാർ അനുമതി നൽകിയിരുന്നത്. ഇതിൽ 2800 കോടി രൂപ മുൻ സർക്കാരിന്റെ കാലത്തുതന്നെ വായ്പ എടുത്തിരുന്നു. |

സെക്ഷൻ ഓഫീസർ